L № 7 of 1112 Dated 8-12-36

No 25 Reg. No. C. 161.

# The Prakasam

PUBLISHED EVERY SUNDAY.

EDITOR-IN-CHIEF DR. KAMAL PASHA THAIL.

VOL. III. No. 9. | COCHIN—FEBRUARY, 28—1937. | PRICE ANNA ONE

**Insure With**

**The Guardian of India Insurance Co., Ltd.**



H. E. H. Nawab Sir Mir Osman Ali Khan.

**The Nizam of Hyderabad.**

# കവിതാപംക്തി

## സമയമായി.

(വേണുഗോപാൽ)

സമയമായ്! പോകനാം കൂട്ടുകാരെ,
സമരഭ്രൂവിങ്കലേക്കാത്തവേഗം.
ചെവിതകന്നീട്ടുമാററട്ടെഹാസ-
മവിടെപ്പീരങ്കികളിട്ടിടവേ,
അപഹാസ്യ പ്രേമത്തിൻപേപറഞ്ഞും,
അയഥാൎത്ഥ മോരോകിനാവുകണ്ടും,
ഇവിടെയിക്കേര തരുത്തണലിൽ
ഇനിയുമിരിക്കുകയാണോ നിങ്ങൾ?
മതി, മതി, വിശ്രമംപിന്നെ;യിപ്പോൾ
വിതതരണാങ്കണം പൂകിടുവിൻ.

കുനയത്താൽ ദിഗ്ജയം ചെയ്തുവാഴും
കുടിലപ്രഭുത്വത്തിൻ സന്നിധിയിൽ
ഉറയിൽനിന്നൂരിയ വാളിനാലേ
വിരചിപ്പിനാദ്യമായ് ചോദ്യചിഹ്നം.

മതവൎഗ്ഗഭേദങ്ങളീസമര-
പരിധിയെ ബാധിപ്പതില്ലതെല്ലും.
പുതുമയെപ്പുൽകും മുഹമ്മദനും
പുരുസുഖംകാംക്ഷിക്കും ക്രൈസ്തവനും
പരതന്ത്രനാകിയ ഹൈന്ദവനും
പരമാഭിമാനിയാം പാഴ്സിതാനും
ഒരുമിച്ചുതോളോടുതോളുചേൎന്നു
പൊരുതുകീസാത്വികസംഗരത്തിൽ
ആൎഭ്രമിക്കാവശ്യമുണ്ടധികം
അവനവിലോലകൾ സേവിനികൾ
അതിനാൽ സഖികളെ, നിങ്ങളുംവ-
ന്നണയുക ധാൎമ്മിക സംഗരത്തിൽ.

പുലർവേള നാളെപ്പിറക്കുമെങ്കിൽ
പുതുനിണക്കൂട്ടിൽ നിന്നായിടട്ടെ!
നവയുഗശാന്തിയതിനുശേഷം
നരലോകമെങ്ങും പരന്നിടട്ടെ!!

ഉടൽകഴപ്പോളവും വേലചെയ്തു
കടമാണ്ടിരിക്കുന്ന കർഷകരെ,
തുരുതുരെ വേർപ്പുനീർതൂകുവോരെ,
തെരുതോറും തെണ്ടിത്തിരിയുവോരെ,
സമയമായ്! എത്തുവിൻ നിങ്ങളെല്ലാം
സമരഭ്രുവിങ്കലേക്കാത്തധൈര്യം.

---

## ഒരു മഹനീയാദർശം.

(എം. കെ. ഫാത്തിമ്മാ ബീവി.)

ആടിക്കുഴഞ്ഞു വിറച്ചു നടന്നൊരു
പേടമാൻകണ്ണിയാളെങ്ങോ? ഗമിക്കുന്നു!
കായം പനിയാലവശയാം തന്വിതൻ
തോളിലൊരുഭാണ്ഡമുണ്ടതി ഭാരമായ്
എണ്ണമില്ലാതുള്ള ചൂടെഴും രശ്മികൾ
വിണ്ണിന്നു ഭാനുമാൻ വീശിയഹേതുവാൽ
അന്നാ "അറേബ്യ" മരുദേശമെല്ലാമു-
മൊന്നുപോൽ വെന്തു തപിച്ചതിദാരുണം!
ചീളേനടക്കുന്ന കാതരാക്ഷിക്കൊരു
പേടിഭവിച്ചപോൽ കാണുന്നു, ദുസ്സഹം!
"ആരുംസഹായങ്ങൾ ചെയ്യുവാനില്ലാതെ
പാരിതിൽ വാഴുന്നു,-സാധുക്കളെത്രപേർ!"
ഈവിധമേററമവശയായ് മേവുന്ന
പാവിത തന്നുടെ മുമ്പിലേയ്ക്കുഞ്ജസാ
ചാരുവദനത്താൽ പുഞ്ചിരി തൂകിയും
കാരുണ്യരശ്മികൾ നീളേ വിതറിയും
ഘോരാന്ധകാരേ, ശശാങ്കസമാനമായ്
പൂരുഷമാണിക്കമേകൻ പ്രത്യക്ഷമായ്
തൂമധുവാണിയാൽ സൽപുമാനാവന്ദ്യൻ
കാമിനിതന്നോടു, ചോദിച്ചാനീവിധം:—
"എന്തയേ? നിങ്ങൾക്കുമൽപ്രാണസോദരീ!
ചന്തവിഹീനം, ഗമിക്കുവതെങ്ങുവാൻ?"
"ദുഷ്ടൻ യഹൂദിക്കു ഗോതമ്പുമാവുമായ്
കഷ്ടം! ഗമിക്കുന്നാവൻെറ സവിധേ-ഞാൻ!
സത്യ, മാകശ്മലൻ, വാളിനാലിന്നു മാം
കൃത്യസമയം കഴിഞ്ഞതാൽ, കൊന്നിടും"
ചിത്തംതപിച്ചിത്ഥം ചൊല്ലുന്നവളോടു
ഉത്തമനാമഹാൻ ചൊല്ലിനാനീവിധം:—
"പോകാം നമുക്കൊത്ത ഹൂദീസവിധത്തി-
ലാകുലമെന്യേയനുഗമിക്കെന്നെ, നീ
കശ്മലനെങ്കിലും, മർത്ത്യനല്ലീ? യവൻ
സംശയമെന്യേ ഭവതിക്കു വേണ്ടി ഞാൻ
ചെയ്യുമ്മെ, സാദരം മാപ്പപേക്ഷിക്കുവ-
തഞ്ചാതവനോടു,-വൈകാതെപോക!നാം"
"സൽഗുണവാരിധീ! ലോകൈകവന്ദ്യനാം
സൽപുമാ'നന്ത്യനബീ!'ഭവാൻകേൾക്കുക:-
നിത്യവും വാളവൻ മൂൎച്ചകൂട്ടുന്നു ഹാ!
സത്യസ്വരൂപൻെറ ദൂതനെ കൊല്ലുവാൻ!
ഏഴ, യിവൾക്കോ? ഭവാനെ വധിക്കുവാൻ
നാഴികയെണ്ണി കഴിക്കുന്നവനോടു
കേണഭയത്തെയൎത്ഥിക്കാനൊരുങ്ങുന്നോ?
ദീനദയാലുവേ! ചെയ്യൊലാ! സാഹസം!!
ആരുമൊരാലംബമില്ലാത്തഗതി ഞാൻ
പാരിനുഭാരമായ് ജീവിക്കുന്നെന്തിനു?
ചെയ്മെഭവാനുടെ സാന്നിദ്ധ്യമാവശ്യ-
മിമ്മഹീയെന്നും സമുദ്ധരിച്ചീടുവാൻ!"
ഇത്ഥം കഥിച്ചശ്രു തൂകുന്നവളോടു
ഉത്തരം ചൊല്ലിനാനാഗുണ സത്തമൻ:-
"ഇത്തരമാകുന്ന കൎത്തവ്യ മൊക്കയു-
മത്തലെന്യേ പരിപാലനം ചെയ്യുവാൻ
അല്ലീ? യിഹത്തിൽ പരാപരദൂതനായ്
കല്യേ! ജനിച്ചഹം,-യാത്രതുടരുക

*    *    *

ഗൎവ്വിഷ്ഠനാകു മെഹൂദീ സവിധത്തി-
ലുൎവ്വിയുദ്ധാരകനൊത്തവളെത്തിയെ
ദ്വേഷം മുഴുത്താമനുഷ്യനാം ദുർഭഗൻ
യോഷയെതാഡിക്കാൻപെട്ടെന്നെഴുന്നേററു
ദുഷ്ടതചെയ്യാനൊരുങ്ങുന്ന ഹീനനെ
ശിഷ്ടാഗ്രഗണ്യൻ നബി തട്ടത്തോതിനാൻ:-
"സാഹസമെന്തഹോ!സോദരാ!ചെയ്യുവാൻ
മോഹിതനായി നീ! കഷ്ട! മൊരുങ്ങുന്നു?
നിന്നുടെ കോപമടക്കുവാൻ വേണ്ടപോ-
ലെന്നെ ഹനിക്കുക! വിട്ടേയ്ക്കുവളെ നീ!
ഹന്ത! യിവളുടെ സ്ഥാനം നിനക്കെങ്കിൽ
ചിന്തിക്കു സോദരാ! തൽസ്ഥിതിയെന്തു
വാൻ?"
ആരുടെ ഏത്തും കവരുന്ന ജ്യോതിസ്സാൽ
പാരംപ്രശോഭിക്കുമാ നബി തന്നുടെ
ദീനാനുകമ്പയെ വീക്ഷിച്ചെഹൂദിക്കു
മാനസേ നൂതനമെന്തോ? വിലീനമായ്
ചിത്തേതെളിഞ്ഞുള്ളാ ദിവ്യമാം ശക്തി
യാൽ
സത്വരം വന്ദ്യനബീപാദേ വീണവൻ
"വിജ്ഞാനഭാസ്കരനായി യീയൂഴിയിൽ
സംജാതമായ ഭവാനെ വധിക്കുവാൻ
അൽപം നിനയ്ക്കാതെ കാത്തുനടന്നു ഞാൻ
സൽഗുണസിന്ധുവേ! മാപ്പെനിയ്ക്കേകുക!
കാരുണ്യവാരിധീ! ദീനദയാലുവേ!
പാരാതിവനെ യനുഗ്രഹിക്കേണമെ!
തൽശിഷ്യസംഘത്തിൽ പച്ചക്കൊടിക്കീ
ഴിൽ
സൽഗുരോ! എന്നെയും ചേർത്തുരക്ഷിക്ക
ണേ!"
തൻദയാവാണിയാൽ മാത്രം മനുഷ്യരിൽ
അൻപിൽ സദാസത്യമാൎഗ്ഗം തെളിച്ചുള്ള
ആ നബി നായകനിത്ഥം ദ്രവിച്ചതി-
മോദേന വാരിപ്പുണൎന്നു യഹൂദിയെ!!

മഹിളാലോകം.

# ബങ്കാളിലെ സ്ത്രീവിദ്യാഭ്യാസം.

(ബീഗം ഷംസുൽ നാഹാർ ബി. എ.)
പത്രാധിപ, ബുൾ ബുൾ, കല്ക്കത്ത.

ജീവിതത്തിലെ എല്ലാത്തുറകളിലും ബങ്കാളത്തെ മുസ്ലിം സ്ത്രീകൾ പിന്നോക്കമാണെന്നു ഒരു ബോദ്ധ്യം പരക്കെയുണ്ടു. സാമൂഹ്യമായും വിദ്യാഭ്യാസപരമായും അവർ പിന്നോക്കമാണെങ്കിലും കഴിഞ്ഞ 20 വർഷകാലത്തെ ചരിത്രം അറിയുന്ന ഒരാൾക്കു നിരാശക്കു അവകാശമില്ല. മുസ്ലിംമഹിളമാരുടെ 20 കൊല്ലം മുൻപും ഇന്നുംഉള്ള അവസ്ഥ തുലനം ചെയ്യാമെന്നു വരികിൽ അവർ വളരെമുന്നോട്ടുപോയി എന്നു കാണാവുന്നതാണ്. അക്കാലത്തു അവർ-മുസ്ലിം സ്ത്രീജനങ്ങൾ- അജ്ഞാനമാകുന്ന അന്ധകാരത്തിൽ ആപതിച്ചിരിക്കയായിരുന്നു. എന്നാൽ ഇന്നു സാവ്വത്രികമായ ഒരുണർവ് സ്ത്രീജനങ്ങളിൽ കാണുന്നുണ്ട്. വിദ്യാലയങ്ങളിലും കലാലയങ്ങളിലും അഭ്യസനംചെയ്തു പോരുന്നമുസ്ലിം വിദ്യാർത്ഥിനികളുടെ സംഖ്യ ഒട്ടും കുറവല്ല. സാമാന്യ വിദ്യാഭ്യാസം കൊണ്ട് തൃപ്തരാകാത്ത മുസ്ലിം യുവതികൾ ഇന്നു വൈദ്യശാസ്ത്രവും മററും പഠിക്കുന്നതിന്നു പുറപ്പെട്ടിരിക്കുന്നു.

താഴെ കൊടുക്കുന്ന 1931-32 ലെ സെൻസസ്സ് പ്രകാരം അംഗീകൃത വിദ്യാലയങ്ങളിൽ അഭ്യാസം ചെയ്തുപോരുന്ന മുസ്ലിം വിദ്യാർത്ഥിനികളുടെ കണക്കു ഇതര പ്രവിശ്യകളെ അപേക്ഷിച്ചു എങ്ങിനെ എന്നു നമുക്കു മനസ്സിലാക്കാം.

| | |
|---|---|
| മദ്രാസ്സ് | 4 · 8 |
| ബർമ്മ | 3 · 4 |
| ബോംബെ | 2 · 7 |
| ബങ്കാൾ | 2 · 3 |
| പഞ്ചാബ് | 0 · 7 |

മുസ്ലിം സ്ത്രീകളാൽ സ്ഥാപിച്ചുനടത്തപ്പെട്ടുപോരുന്ന വിദ്യാലയങ്ങളും കൽക്കത്തയിൽ നിരവധിയുണ്ടു. ഉൾനാട്ടുകളിൽ സ്ഥിതിചെയ്തുപോരുന്ന പെൺപള്ളിക്കൂടങ്ങൾ മുസ്ലിം മഹിളകൾക്കു വിദ്യാഭ്യാസത്തോടുള്ള അത്യധികമായ അഭിവാഞ്ഛയെ വിളിച്ചുപറയുന്നു.

സ്ത്രീജനങ്ങളുടെ അഭിപ്രായഗതികളെ സൂക്ഷ്മമായിനിരീക്ഷണം ചെയ്യാമെന്നു വരികിൽ വിദ്യാഭ്യാസവിഷയത്തിൽ മുസ്ലിം സ്ത്രീകൾ വളരെ ഉണർന്നുവശായിട്ടുണ്ടെന്നു മനസ്സിലാക്കുവാൻ കഴിയുന്നതാണ്. എന്നാൽ ഇന്നുനിലവിലിരിക്കുന്ന അഭ്യസനരീതി ആശാസ്യമായിരിക്കുന്നില്ല. ഭരണകർത്താക്കളെ സഹായിക്കുന്ന ഒരു കൂട്ടം ഗുമസ്തന്മാരെ സൃഷ്ടിക്കുന്നതിന്നു പര്യാപ്തമായ നിലയിൽ സമാരംഭിക്കപ്പെട്ട വിദ്യാഭ്യാസസമ്പ്രദായം യാതൊരു മാററങ്ങളും കൂടാതെ ഇന്നും നിലനിന്നുപോരുന്നു.

പുരുഷന്മാർക്കു ഇന്നത്തെ വിദ്യാഭ്യാസം ദോഷകരവും അധോമുഖവുമാണെങ്കിൽ സ്ത്രീജനങ്ങൾക്കും പ്രത്യുതദോഷകരംതന്നെ. പെൺകുട്ടികൾക്കു ഈ വിദ്യാഭ്യാസസമ്പ്രദായം അനുയോജ്യമല്ല എന്നുള്ള കാര്യത്തിൽ പക്ഷാന്തരമുണ്ടെന്നു തോന്നുന്നില്ല. നമ്മുടെ അമുസ്ലിം സഹോദരികൾ കഴിഞ്ഞ അൻപതു വർഷക്കാലമായി ഈ വിദ്യാഭ്യാസഫലം അനന്യസൃതമായി അനുഭവിച്ചു വന്നിട്ടും പറയത്തക്ക പ്രയോജനമൊന്നും ഉണ്ടായതായി കാണുന്നില്ല. ഇപ്പോൾ മുസ്ലിം യുവതികളും ആ വഴിയെയാണു പിന്തുടരുന്നത്. പെൺകുട്ടികളുടെ സമയവും കഴിവും ഇനിയും വൃഥാ നഷ്ടപ്പെടുത്താതിരിപ്പാൻ വേണ്ടി ഇന്നു നിലവിലിരിക്കുന്ന സമ്പ്രദായം ഒന്നുടച്ചു കാലാനുസൃതമായ മാററങ്ങൾ വരുത്തുവാനുള്ള സമയം അതിക്രമിച്ചിരിക്കുന്നു.

നമ്മുടെ നാട്ടിലെ ഒരു സ്ത്രീയുടെ ജീവിതം പുരുഷനിൽനിന്നു തുലോം വ്യത്യസ്തമാകുന്നു. ഭാരതമഹിളകളായ നമുക്കു സഹോദരിമാരുടേയും, ഭാര്യമാരുടേയും, മാതാക്കളുടേയും നിലയിൽ ഉള്ള കടമയെ വിസ്മരിക്കുവാൻ നിവൃത്തിയില്ല. നമ്മുടെ വിദ്യാഭ്യാസം നമ്മളുടെ ഗൃഹങ്ങളിൽ നാം അനുഷ്ഠിക്കേണ്ടതായ ചുമതലയും അതിനുപരിയായി പുറത്തുള്ള നമ്മുടെ ഉൽകൃഷ്ടചുമതലകളേയും നിർവ്വിഘ്നം അനുഷ്ഠിക്കുന്നതിന്നു നമ്മെ പ്രാപ്തരാക്കേണ്ടിയിരിക്കുന്നു.

മെട്രിക്കുലേഷൻ ക്ലാസിലേയും സ്ക്കൂൾഫൈനൽ ക്ലാസിലേയും പരീക്ഷകളുടെ കരിക്കുലം വിദ്യാർത്ഥിനികളെ സംബന്ധിച്ചിടത്തോളവും വ്യത്യസ്തമായിരിക്കണമെന്നുള്ള അഖിലഭാരത മഹിളാസമാജത്തിൻെറ അഭിപ്രായം വളരെ പ്രാധാന്യത അർഹിക്കുന്നൊന്നാകുന്നു. സർവ്വകലാശാലകളിലേക്കു കടക്കാതെ സിംഹഭാഗം വിദ്യാർത്ഥിനികളും മെട്രിക്കുലേഷൻ പരീക്ഷക്കുശേഷം ദാമ്പത്യജീവിതത്തിലേക്കു പ്രവേശിക്കുന്നു. അവർ സ്ക്കൂളുകളിൽപഠിച്ച ക്ഷേത്രഗണിതം, ബീജഗണിതം മുതലായ സാങ്കേതിക വിഷയങ്ങൾ അവരുടെ പിൽക്കാലജീവിതത്തിന്നു ഒരു സഹായകമായിത്തീരുന്നില്ല. മാത്രമല്ല അവരുടെ വിദ്യാഭ്യാസം മുഴുവൻ സമയവും അപഹരിക്കുന്നതിനാൽ യാതൊരു ശിക്ഷണവും കൂടാതെയാണ് ഗൃഹനായികകളുടേയും മാതാക്കളുടേയും വലിയ വലിയ ചുമതലകൾ വഹിച്ചുപോരുന്നതു്.

ഡോക്ടർമാരോ, വക്കീൽമാരോ ആകുവാൻ ആഗ്രഹിക്കുന്നവർക്കു കലാലയജീവിതം തുടർന്നുകൊണ്ടു പോകുന്ന വിദ്യാഭ്യാസവും അല്ലാത്തുള്ളവർക്കു അവരുടെ ആവശ്യങ്ങൾക്കു ഉപയോഗപ്പെടുന്ന വിദ്യാഭ്യാസവും, നൽകുന്നതു ഉത്തമമായിരിക്കും.

മാതൃഭൂമിയിലെ പ്രയോജനമുള്ള പൗരകളാക്കിത്തീർക്കുന്ന സാമാന്യ വിദ്യാഭ്യാസത്തിന്നു പുറമെ ഗൃഹപരിശീലനത്തിന്നു പര്യാപ്തമായ പ്രായോഗികപരിശീലനവും കൂടി നൽകുന്നതു പ്രയോജനകരമായിരിക്കും. ഒരു ഗൃഹം ലളിതമായും എന്നാൽ മനോഹരമായും പരിമിതമായ ചിലവുകൊണ്ടു പരിരക്ഷിച്ചുപോരുവാനുള്ള സാമർത്ഥ്യം അവർക്കുണ്ടായിരിക്കണം.

വീട്ടുകളിലെ വരവുചിലവു കണക്കുകളെ സൂക്ഷിക്കുന്നതിന്നു അവരെ പരിശീലി

(ശേഷം 17-ാംപേജിൽ)



ശ്രീമതി എം. കെ. ഫാത്തിമാ ബീവി.

ആലുവാ മുൻസിപ്പൽ പ്രസിഡണ്ടായിരുന്ന ഖാൻസാഹേബ് എം. കെ. കാദർപിള്ളയുടെ പുത്രിയും പാനായിക്കുളം എം. എ. മൊയ്തീൻ സാഹേബ് അവർകളുടെ ധർമ്മപത്നിയുമായിരുന്ന ഈ മഹതിയുടെ അകാലമരണം മുസ്ലിം സമുദായത്തിന്നും ഭാഷാസാഹിത്യത്തിന്നും ഒരു തീരാനഷ്ടമാണ്. മലയാളഭാഷാസാഹിത്യത്തിൽ നല്ല വാസനയുണ്ടായിരുന്ന ഇവർ പല ഖണ്ഡകാവ്യങ്ങളും എഴുതി ശ്രീമതി തുടങ്ങിയ പത്രങ്ങളിൽ പലപ്പോഴായി പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ഈ മഹതിയുടെ ഒരു കവിത അന്യത്ര ചേർത്തിരിക്കുന്നതിലേക്കു വായനക്കാരുടെ ശ്രദ്ധയെ ഞങ്ങൾ ക്ഷണിച്ചുകൊള്ളുന്നു. (പ്ര. പ)

കൈകാര്യം ചെയ്ത വിശ്വവിഖ്യാതനായ പുണ്യപുരുഷൻ ഹിജ്റ 791-ാം കൊല്ലത്തിൽ, എഴുപത്താറാമത്തെ വയസ്സിൽ ഷീറാസിൽവെച്ചു മരണമടഞ്ഞു. മൃതദേഹത്തോടൊപ്പം സീമയില്ലാത്ത ജനങ്ങൾ അനുഗമിച്ചിരുന്നുവെന്നു രേഖപ്പെടുത്തപ്പെട്ടിരിക്കുന്നു. രാജ്യത്തെ സർവ്വപ്രധാനികളും, അക്കാലത്തെ ഇറാനിലെ രാജാവുതന്നെയും മൃതദേഹത്തെ അനുഗമിച്ചിരുന്നു. അദ്ദേഹം വളരെ പ്രിയപ്പെട്ടിരുന്നതും, പലപ്പോഴും അദ്ദേഹം കീർത്തനം ചെയ്തുകൊണ്ടിരുന്നതുമായ ഇറാനിലെ പ്രകൃതിരമണീയമായ "ഖാക്കെ-മുസല്ല" എന്നിടത്താണ് അദ്ദേഹത്തിന്റെ മൃതദേഹത്തെ സംസ്കരിക്കയുണ്ടായതു. ബാബർ ചക്രവർത്തിയുടെ പ്രധാന ഹസ്തമായിരുന്ന മുഹമ്മദ് മു അമ്മായി എന്നയാൾ വളരെയധികം രൂപ ചിലവുചെയ്തു അവിടെ ഒരു കുടീരം പണിചെയ്തു, അതിന്നു അദ്ദേഹത്തിന്റെ പവിത്ര നാമത്തിന്റെ തൽഭവമായ 'ഹാഫിസിയ്യാ' എന്നു നാമകരണം ചെയ്കയുണ്ടായി. ആഴ്ചയിലൊരുദിവസം ജനങ്ങൾക്കൂട്ടംകൂട്ടമായി പ്രസ്തുത കുടീരസന്ദർശനത്തിന്നായി സമ്മേളിക്കുന്നു. ഭക്ത്യാതിരേകത്താൽ ചിലർ അവിടെ വെച്ചു, അനിസ്ലാമികങ്ങളും, അനാചാരങ്ങളുമായ പല ചേഷ്ടികളും കാണിക്കുന്നു. അങ്ങിനെ സംഭവിക്കാനിടയുണ്ടെന്നു മുൻകൂട്ടി അറിഞ്ഞ ഹാഫിസ് ഇങ്ങിനെ പാടിയിട്ടുണ്ട്.

ഹൃദയത്തിന്നേകിടേണം മമ ശവകുടീരത്തിൻ
നികടത്തിൽ വരുന്നവർ സ്ഥിരതയേററം
അതു 'ഫക്കീർ' കുലത്തിന്റെ സന്ദർശനാലയമായി—
ബ്ഭവിച്ചിട്ടുമെന്നുള്ള—തോണതിൻ കാരണം.

## പട്ടിണിയുടെ ഭാവി.

(14-ാം പേജിൽ നിന്നു)

നാ അവളും ചാടി. "കാലം" ആ പാവപ്പെട്ട രണ്ടു ജീവാത്മാക്കളുടെ ഇഹലോകവാസത്തിന്നു പൂർണ്ണവിരാമമിട്ടു. ലോകം ആ പട്ടിണിക്കുന്തങ്ങളെപ്പററി അന്വേഷിച്ചില്ല. ശവം ചീഞ്ഞു ദുർഗ്ഗന്ധം പുറപ്പെട്ടപ്പോൾ അധികൃതന്മാർ ആ ശവങ്ങൾ കരക്കെടുത്തു മറവുചെയ്തിരിക്കുമായിരിക്കാം.

വിശപ്പുകൊണ്ടു ജീവത്യാഗം ചെയ്യുന്ന ഇത്തരം കുറെ ആത്മാക്കളുടെ ദീർഘനിശ്വാസം പട്ടിണിപാവങ്ങളുടെ—മൂകലക്ഷങ്ങളുടെ—ഒരു പരിവർത്തനത്തിന്നു ചാലു തോണ്ടുകയില്ലെന്നു ആരുകണ്ടു?

## തിരഞ്ഞെടുപ്പു വിശേഷങ്ങൾ.

മദ്രാസ് നിയമസഭയിലേക്കുള്ള ഇക്കഴിഞ്ഞ തെരഞ്ഞെടുപ്പിൽ മലബാറിൽനിന്നും മെസ്സേഴ്സ് അബ്ദുറഹിമാൻ, കാതർകുട്ടി, ആർ. എം. പാലാട്ട്, ആററക്കോയതങ്ങൾ, സി. പി. മമ്മുക്കേയി, ടി. എം. മൊയ്തു, അച്ചുതൻ, സി. ജെ. വക്കി, നാരായണമേനോൻ, എം. പി. ദാമോദരൻ, ഉണ്ണിക്കമ്മുസാഹിബ്, രാഘവമേനോൻ, മാധവമേനോൻ, കുട്ടിമാളുഅമ്മ, മാധവൻ, ഹാജി കുഞ്ഞഹമ്മദുകുട്ടി, എസ്. കെ. ചെയിക്ക് റാവുത്തർ തുടങ്ങിയ മാന്യന്മാർ വിജയികളായിരിക്കുന്നു. മദ്രാസിൽ കോൺഗ്രസ് പാർട്ടിക്കു വലിയ വിജയമാണ് സിദ്ധിച്ചിരിക്കുന്നതു്. കോൺഗ്രസ് സ്ഥാനാർത്ഥികളോടേററു പൊളിഞ്ഞുപോയവരുടെ കൂട്ടത്തിൽ ബോബിലിരാജാ, പിത്തുപുരം രാജാ, സർ. പി. ടി. രാജൻ, ടി. രാഘവയ്യാ, സർ. പത്രോ തുടങ്ങിയവർ ഉൾപ്പെടുന്നു. മദ്രാസ് തെരഞ്ഞെടുപ്പിലെ കക്ഷിനില താഴെകാണുന്ന പ്രകാരമാണ്.

| | | |
|---|---|---|
| കോൺഗ്രസ് | — | 101 |
| ജസ്റ്റിസ് | — | 12 |
| പീപ്പിൾസ് പാർട്ടി | | 1 |
| മററുകക്ഷികൾ | — | 34 |

പഞ്ചാബിലെ ഒരു സ്ഥാനാർത്ഥി വോട്ടു സമ്പാദിക്കുവാനുള്ള പ്രചരണവേലകൾക്കായി 14,000 നാഴിക സഞ്ചരിച്ചിരിക്കുന്നു. അതായതു പഞ്ചാബിൽനിന്നു ഇംഗ്ലണ്ടിലേക്കു പോയി മടങ്ങിവരുവാനുള്ള ദൂരം. വേറെ രണ്ടുപേർ 2000 നാഴിക വീതം സഞ്ചരിച്ചു യോഗങ്ങൾ വിളിച്ചുകൂട്ടി പ്രസംഗങ്ങൾ ചെയ്തു.

x x x x

കോൺഗ്രസ്സ് പ്രസിഡണ്ടു ജവഹരിലാൽ തിരഞ്ഞെടുപ്പു് സംബന്ധമായി പല വാഹനങ്ങൾ മുഖേന യാത്ര ചെയ്തിട്ടുണ്ട്. മോട്ടോർ കാറുകൾ, മോട്ടോർ ബോട്ടുകൾ, ഫെറി സ്റ്റീമർ, തോണി, തീവണ്ടി, വിമാനം, അശ്വം, ആന, ഒട്ടകം, പോണിക്കുതിര ഇവയൊക്കെയായിരുന്നു അദ്ദേഹത്തിന്റെ വാഹനങ്ങൾ.

x x x x

മിസ്സിസ് സരോജിനിനായഡു കഴിഞ്ഞ രണ്ടാഴ്ചക്കിടയിൽ ദിവസം ഒന്നിന്നു 300 നാഴിക വീതം സഞ്ചരിച്ചു പ്രചരണവേല ചെയ്തിരിക്കുന്നു. അവർ ശരാശരി പ്രതിദിനം ഏഴു പ്രസംഗങ്ങൾ ചെയ്തിട്ടുണ്ട്.

x x x x

സ്ഥാനാർത്ഥികളിൽ 4 പേർ തിരഞ്ഞെടുപ്പുകാലത്തു നിരാഹാരവ്രതം അനുഷ്ഠിക്കുകയുണ്ടായി. ഒരു സ്ത്രീ തന്നെ കോൺഗ്രസ് സ്ഥാനാർത്ഥിനിയായി നിൎത്താത്തതുകൊണ്ടുള്ള ഖേദം നിരാഹാരവ്രതം മൂലം രേഖപ്പെടുത്തി. രണ്ടാമത്തെ ആൾ തന്റെ എതിർസ്ഥാനാർത്ഥി പിൻവലിക്കാത്തതുകൊണ്ടു പട്ടിണി കിടന്നു. മൂന്നാമത്തെ ആൾ തന്റെ സഹായികളുടെ തമ്മിൽതല്ലു കണ്ടു സഹിക്കവയ്യാതെ പട്ടിണി കിടന്നു ചാകാൻ തുടങ്ങി. നാലാമത്തെ ആൾ മററു യാതൊരു കാരണവും പറയാനില്ലാത്തതുമൂലം വല്ല വിധത്തിലും തന്റെ നേരെയും ജനങ്ങളുടെ ശ്രദ്ധ പതിയുവാൻ വേണ്ടി മാത്രം നിരാഹാരവ്രതം അനുഷ്ഠിച്ചു.

സിന്ധിലെ ഒരു സ്ഥാനാർത്ഥി "എനിക്കുവേണ്ടി വോട്ടു ചെയ്യുവിൻ, നിങ്ങൾ വോട്ടുചെയ്തില്ലെങ്കിൽ ഞാൻ മരിക്കും" എന്നു എഴുതിയ ഒരു ബോർഡ് പുറത്തു കെട്ടിത്തൂക്കിക്കൊണ്ടാണ ദേശംതോറും സഞ്ചരിച്ചതു്. അദ്ദേഹത്തിന്റെ ഒരു സഹായി ഒരു പ്രസംഗസമയം തന്റെ സ്നേഹിതനായ സ്ഥാനാർത്ഥി വിജയിയായിട്ടില്ലെങ്കിൽ അദ്ദേഹം ആത്മത്യാഗം ചെയ്യുമെന്നു കാണിക്കുവാൻ തന്റെ കയ്യിൽ ഒരു മൂർച്ചയുള്ള കത്തികൊണ്ടു ഒരു കരിത്തു വരച്ചുവത്രെ.

## ബങ്കാളിലെ സ്ത്രീവിദ്യാഭ്യാസം.

(9-ാം പേജിൽനിന്നു)

പ്പിക്കുകയും ആ വഴിക്കു ആവശ്യമായ സാമാന്യബോധം അവരിൽ വളൎത്തുകയും ചെയ്യണം.

ആതുര ശുശ്രൂഷ അഭ്യസിച്ചിരിക്കുന്നതു കൂടുതൽ പ്രയോജനകരമായിരിക്കും. വീട്ടിലെ ഏതെങ്കിലും ഒരംഗത്തിന്നു സുഖക്കേടായാൽ ഗൃഹനായികയ്ക്കു ആയാളെ ശുശ്രൂഷിക്കുവാൻ സാധിക്കുന്നതാണ്. ഒരു സ്ത്രീയുടെ പ്രധാന ചുമതല മാതൃധർമ്മം ആണെന്നുള്ളതു നമുക്കു വിസ്മരിക്കുവാൻ പാടില്ലല്ലൊ. അതിനാൽ ശിശുപരിപാലനത്തിൽ നമ്മുടെ പെൺകുട്ടികൾക്കു നല്ല ശിക്ഷണം നൽകേണ്ടിയിരിക്കുന്നു.

പ്രസിദ്ധനായ നെപ്പോളിയൻ മാതാക്കളെപററി പ്രവചിച്ചതു് നിങ്ങൾ അനുസ്മരിക്കുമല്ലൊ. അദ്ദേഹം പറയുന്നു: "നിങ്ങൾ നല്ലമാതാക്കളെ എനിക്കു നൽകുവിൻ നിങ്ങൾക്കു നല്ല സമുദായത്തെ ഞാൻ തരുന്നതാണ്". ഈവക ചുമതലകൾ യുവതികളുടെ ഹൃദയങ്ങളിൽ ദൃഢമൂലമാക്കിതീർക്കുന്നതിന്നു അവരുടെ വിദ്യാഭ്യാസം അവരെ സഹായിക്കണം. കൽക്കത്താ സർവ്വകലാശാല കൂടുതൽ പ്രായോഗികമായ ഒരു പദ്ധതി ഇതിലേക്കായി രൂപീകരിച്ചുകാണുന്നതു ചാരിതാൎത്ഥ്യ ജനകമായിരിക്കുന്നു. പെൺകുട്ടികൾക്കു പ്രയോജനമുള്ള വിഷയങ്ങൾകൂടി "കരിക്കുല"ത്തിൽ ഉൾപ്പെടുത്തിയതായിഅറിയുന്നു. അടുത്തഭാവിയിൽ തന്നെ നടപ്പിലാക്കുവാൻ പോകുന്ന പുതിയ "കരിക്കുല"മനുസരിച്ചു നമ്മുടെപെൺകുട്ടികൾ നല്ല മാതാക്കളും, നല്ല പൌരകളും ആയിത്തീരുമെന്നും അവർ അവരുടെ ജീവിതം പ്രയോജനകരവും മനോഹരവും നിൎഗ്ഗ സുന്ദരവുമാക്കിതീർക്കുമെന്നും നമുക്കു ആശിക്കാം. (Deccan Times)